തൃപ്പൂണിത്തുറ നഗരസഭ
ഫോൺ : 0484 2780318 ഫാക്സ് : 0484 2781033
ഇ-മെയിൽ : musectripunithura@gmail.com വെബ് സൈറ്റ് : www.thrippunithuramunicipality.in

ആർ.1–10149/12

നഗരസഭാ കാര്യാലയം
തൃപ്പൂണിത്തുറ, തീയതി : 28/11/2012

## തൃപ്പൂണിത്തുറ നഗരസഭ

## കൗൺസിൽ വിജ്ഞാപനം

തൃപ്പൂണിത്തുറ – വസ്തു നികുതി വിഭാഗം – ജമമാറ്റ അപേക്ഷകൾക്ക് വസ്തു കൈമാറ്റ കരം ഏർപ്പെടുത്തുന്നത് – വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

തൃപ്പൂണിത്തുറ നഗരസഭയിൽ വസ്തു നികുതി അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ജമ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ ജമമാറ്റ അപേക്ഷകളിന്മേൽ കേരള മുനിസിപ്പാലിറ്റി ആക്ട് 270–ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതിന് വിധേയമായി ജമ മാറ്റത്തിനാധാരമായ ആധാരത്തിൽ പരാമർശിക്കുന്ന വസ്തുവിന്റെ മതിപ്പുവിലയ്ക്കനുസൃതമായി വസ്തു കൈമാറ്റ കരം ഈടാക്കുന്നതിന് 29/09/2012 തീയതിയിൽ ചേർന്ന നഗരസഭ സ്ഥിരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17–ാം നമ്പർ തീരുമാന പ്രകാരം നൽകിയ ശുപാർശ 08/11/2012 ൽ കൂടിയ നഗരസഭാ കൗൺസിൽ യോഗത്തിലെ 24–ാം നമ്പർ തീരുമാനപ്രകാരം താഴെ പറയും പ്രകാരമുള്ള നിരക്കിൽ 01/12/2012 മുതൽ ഈടാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

### പട്ടിക –1

| *ഗാർഹിക കെട്ടിടങ്ങൾക്ക് ആധാരത്തിലെ മതിപ്പു വില* | *വസ്തു കൈമാറ്റ കരം ( രൂപ നിരക്കിൽ )* |
|---|---|
| 75000 രൂപ വരെ | ഇല്ല |
| 75000 മുതൽ 1 ലക്ഷം വരെ | 250/– രൂപ |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 400/– രൂപ |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 500/– രൂപ |
| 3 ലക്ഷം മുതൽ 5 ലക്ഷം വരെ | 750/– രൂപ |
| 5 ലക്ഷം മുതൽ 10 ലക്ഷം വരെ | 1500/– രൂപ |
| 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 2000/– രൂപ |
| 25 ലക്ഷത്തിന് മുകളിൽ ഓരോ ലക്ഷത്തിനും ഭാഗത്തിനും | 100/– രൂപ വീതം |

**<u>പട്ടിക -2</u>**

| *വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ആധാരത്തിലെ മതിപ്പു വില* | *വസ്തു കൈമാറ്റ കരം ( രൂപ നിരക്കിൽ )* |
|---|---|
| 75000 രൂപ വരെ | 200/- രൂപ |
| 75000 മുതൽ 1 ലക്ഷം വരെ | 350/- രൂപ |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 550/- രൂപ |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 750/- രൂപ |
| 3 ലക്ഷം മുതൽ 5 ലക്ഷം വരെ | 1000/- രൂപ |
| 5 ലക്ഷം മുതൽ 10 ലക്ഷം വരെ | 2000/- രൂപ |
| 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 3000/- രൂപ |
| 25 ലക്ഷത്തിന് മുകളിൽ ഓരോ ലക്ഷത്തിനും ഭാഗത്തിനും | 200/- രൂപ വീതം |

**മുനിസിപ്പൽ സെക്രട്ടറി**